**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - കാലഹരണപ്പെട്ട എസ്.എൽ.ഐ പോളിസികൾ പുനരുജ്ജീവിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.4709/2025/ധന** **തീയതി, തിരുവനന്തപുരം, 26-05-2025**

പരാമർശം :-
1. ജി.ഒ.(പി).നം.840/88/ധന തീയതി 16/11/1988.
2. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 05/04/2025 തീയതിയിലെ കെ.എസ്.ഐ.ഡി/403/ എച്ച്. ക്യു- ജി.എസ് 5 നമ്പർ കത്ത്.
3. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 03/03/2025 തീയതിയിലെ കെ.എസ്.ഐ.ഡി/436/എച്ച്. ക്യു- ജി.എസ്.5 നമ്പർ കത്ത്.
4. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 11/04/2025 തീയതിയിലെ കെ.എസ്.ഐ.ഡി/547/എച്ച്. ക്യു- ജി.എസ്.5 നമ്പർ കത്ത്.
5. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 11/04/2025 തീയതിയിലെ കെ.എസ്.ഐ.ഡി/എസ്.എൽ.ഐ/609/25/എച്ച്. ക്യു- ജി.എസ്.3 നമ്പർ കത്ത്.
6. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 11/04/2025 തീയതിയിലെ കെ.എസ്.ഐ.ഡി/533/2025-എച്ച്. ക്യു- ജി.എസ് 5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിവിധ കാരണങ്ങളാൽ എസ്.എൽ.ഐ പോളിസി പ്രീമിയം അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് കാലഹരണപ്പെട്ട പരാമർശം (2) മുതൽ (6) വരെ ലഭ്യമാക്കിയിട്ടുള്ള എസ്.എൽ.ഐ പോളിസികൾ പരാമർശം (1) -ലെ എസ്.എൽ.ഐ ചട്ടം 21.1 ൽ ഇളവ് വരുത്തി കുടിശ്ശിക പ്രീമിയം പിഴപ്പലിശ സഹിതം, കുടിശ്ശിക വന്ന തീയതി മുതൽ ഈടാക്കി പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകണമെന്ന് ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 21.1 -ൽ ഇളവ് വരുത്തി, ചുവടെ ചേർക്കുന്ന എസ്.എൽ.ഐ പോളിസികളുടെ കുടിശ്ശിക പ്രീമിയം, കുടിശ്ശിക വന്ന തീയതി മുതൽ അടയ്ക്കുന്ന തീയതി വരെ 9% കൂട്ടുപലിശ സഹിതം ഒറ്റത്തവണയായോ രണ്ടോ മൂന്നോ തവണകളായോ അടച്ച്, ടി പോളിസികളുടെ ആനുകൂല്യം, തുക അടച്ച് രസീത്/ ചെലാൻ കൈപ്പറ്റുന്ന തീയതി മുതൽ മാത്രമായിരിക്കുമെന്നുള്ള നിബന്ധനയോടെ, പുനരുജ്ജീവിപ്പിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പോളിസി നമ്പർ | പേരും മേൽവിലാസവും | കൃത്യമായ പ്രീമിയം തുക കിഴിവ് വരുത്തുന്നതിൽ മുടക്കം വരുത്തിയ കാലയളവ് | പ്രീമിയം തുക മുടക്കം വരുത്തിയതിനുള്ള കാരണം |
|---|---|---|---|---|
| 1 | കെ.എസ്.ഐ.ഡി/ എൽ.ഐ/ 9112103011 | ശ്രീമതി. മഞ്ജുഷ. ഇ നോൺ വൊക്കേഷണൽ ടീച്ചർ ജി.വി.എച്ച്.എസ് അമ്പലവയൽ, വയനാട് | 07/2012 മുതൽ 06/2013 വരെ | ക്ലറിക്കൽ മിസ്റ്റേക്ക് |

| | | | | |
|---|---|---|---|---|
| 2 | കെ.എസ്. ഐ.ഡി/ എൽ.ഐ/ 2412138371 | ശ്രീ. നിസ്സാർ. കെ ഡ്രൈവർ ഗ്രേഡ് 1 പരീക്ഷാ ഭവൻ പൂജപ്പുര, തിരുവനന്തപുരം | 09/2012 മുതൽ 06/2013 വരെ | പോളിസി സർട്ടിഫിക്കറ്റും പാസ്സ്ബുക്കും ലഭിക്കുന്നതിൽ വന്ന കാലതാമസം |
| 3 | കെ.എസ്. ഐ.ഡി/ എൽ.ഐ/ 281264964 | ഡോ. അരുൺ അയ്യപ്പൻ അസിസ്റ്റന്റ് പ്രൊഫസർ, സൈക്യാട്ടി വിഭാഗം, ഗവ.മെഡിക്കൽ കോളേജ് തിരുവനതപുരം | 09/2013-09/2016 | കെ.എസ്.ആർ.പാർട്ട് - I റൂൾ 88 പ്രകാരം പഠനാവശ്യത്തിനായി ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ |
| | | | 03/2023-07/2024 | എ.ജി യിൽ നിന്നും പേ സ്ലിപ്പ് ലഭിക്കുന്നതിനുണ്ടായ കാലതാമസം |
| 4 | കെ.എസ്. ഐ.ഡി/ എൽ.ഐ/ 10111065371 | ശ്രീമതി. ബവിത തെരുത്തറമൽ എൽ.പി.എസ്.ടി എ.എം.എൽ.പി.എസ് കടലുണ്ടി, കോഴിക്കോട് | 09/2010 മുതൽ നാളിതുവരെ | തസ്തിക നഷടപ്പെട്ടതിനാൽ |
| 5 | കെ.എസ്. ഐ.ഡി/ എൽ.ഐ/ 10109073718 | ശ്രീ. ആരിഫ്. പി അറബിക് ടീച്ചർ എ.യു.പി.എസ് ചങ്ങലീരി മണ്ണാർക്കാട് | 11/2007 മുതൽ നാളിതുവരെ | കെ.എസ്.ആർ.പാർട്ട് - I അനുബന്ധം XII-എ പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നതിനാൽ |
| | കെ.എസ്. ഐ.ഡി/ എൽ.ഐ/ 240444089 | | | |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഇൻഷ്വറൻസ് ഡയറക്ടർ മുഖേന)
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (നം.3135401/എസ്റ്റാ.ഡി 2/57/2025/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ